ഉത്തരം

(എ) ഇല്ല. ട്രാൻസ്മിഷൻ മെയിനിന്റെ പണി പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്.

(ബി) കിട്ടിയ നിവേദനം പരിഗണനയിലാണ്.

വെള്ളൂർ വാട്ടർ സപ്ലൈ സ്കീം

506. [688] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാടി പഞ്ചായത്തിലെ വെള്ളൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പണി എല്ലാം പൂർത്തിയായി എങ്കിലും ഇതുവരെ കമ്മിഷൻ ചെയ്തിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്രയും വേഗം ഈ സ്കീം കമ്മിഷൻ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മിഷൻ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

നടുവട്ടം വാട്ടർ സപ്ലൈ സ്കീം

507. [689] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര പഞ്ചായത്തിലെ മാറാട് ഭാഗത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കാനുതകുന്ന നടുവട്ടം വാട്ടർ സപ്ലൈ സ്കീം വികസിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിക്കാം.

പള്ളിക്കൽതോട് പഞ്ചായത്തിലെ സ്കീമുകൾക്ക് കൂടുതൽ വെള്ളം ലഭിക്കുന്നതിനുള്ള സാദ്ധ്യത

508. [690] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കൽതോട് പഞ്ചായത്തിലെ നിലവിലുള്ള സ്കീമുകൾക്ക് കൂടുതൽ വെള്ളം ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്തെ ജനങ്ങൾക്ക് വേനൽക്കാലത്തും ശുദ്ധജലം നൽകുവാൻ സാധിക്കത്തക്കവിധത്തിൽ ഈ പഞ്ചായത്തിലെ പദ്ധതികൾ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതുപ്പള്ളി ശുദ്ധജല വിതരണം

509. [691] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി പഞ്ചായത്തിലെ ശുദ്ധജലവിതരണം കൂടുതൽ വ്യാപകമാക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്നു വ്യക്തമാക്കാമോ ;

(ബി) റബ്ബർബോർഡ് ഭാഗത്തേക്കും ഇരപിനെല്ലൂർ ഭാഗത്തേക്കും പൈപ്പു ലൈൻ നീട്ടുന്നതു സംബന്ധിച്ച് നടപടികൾ എത്രത്തോളമായി ?

ഉത്തരം

(എ) ഇതിനായി ബൃഹത്തായ ഒരു പുതിയ സ്കീം തയ്യാറാക്കി വരുന്നുണ്ട്.

(ബി) റബ്ബർബോർഡ് ഭാഗത്തേക്ക് പ്രത്യേക പണികൾ തുടങ്ങിയിട്ടില്ല. ഇരപിനെല്ലൂർ ഭാഗത്തേക്ക് പൈപ്പു നീട്ടുന്ന പണിയിൽ ടാപ്പു വെയ്ക്കുന്ന ജോലി മാത്രമേ ഇനി ബാക്കിയുള്ളൂ.

കൈനകരി പഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതി

510. [693] ശ്രീ. പി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിനു എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

(ബി) 1983-ൽ ആരംഭിച്ച പദ്ധതി ഇന്നുവരെ പ്രാവർത്തികമാകാതിരിക്കാനുള്ള കാരണമെന്ത് ;

(സി) സത്വരമായി ഇതിന്റെ പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൈനകരി പഞ്ചായത്തിൽ ശുദ്ധജല വിതരണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ എ. ആർ. പി. സ്കീമിൽ ഉൾപ്പെടുത്തി ഒരു പദ്ധതി എറെടുത്തിട്ടുണ്ട്. ഇതിന്റെ പണികൾ മിക്കവാറും പൂർത്തിയായിട്ടുണ്ട്. ഒ. എച്ച്. ടാങ്കിന്റെ പണിക്കുള്ള ടെൻഡർ പരിഗണിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഒ. എച്ച്. ടാങ്കിന്റെ ടെൻഡർ സ്വീകരിച്ച് പണി പൂർത്തീകരിച്ചെങ്കിൽ മാത്രമേ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly